**പതിനാലാം കേരളനിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2679 06.02.2018 ന് മറുപടിയ്ക്ക്.

**മണ്ണാർക്കാട് താലൂക്കിലെ കാട്ടാന ശല്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) മണ്ണാർക്കാട് താലൂക്കിൽ രൂക്ഷമായ കാട്ടാന ശല്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മണ്ണാർക്കാട് താലൂക്കിൽ കാട്ടാനശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കാട്ടാന ശല്യം മൂലം കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) കാട്ടാനശല്യം മൂലം കൃഷിനാശം സംഭവിച്ച ആളുകൾ അപേക്ഷ സമർപ്പിക്കുന്ന ഉടൻ, ആയത് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച്, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാലതാമസം കൂടാതെ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. |
| (സി) കാട്ടാന ശല്യം രൂക്ഷമായ ഭാഗങ്ങളിൽ സോളാർ വേലി സ്ഥാപിക്കുവാൻ ആവശ്യമായ നിർദ്ദേശം വനം വകുപ്പിന് നൽകുമോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) കാട്ടാനശല്യം രൂക്ഷമായ ജനവാസ മേഖലകളിൽ സൗരോർജ്ജവേലി സ്ഥാപിക്കാനുള്ള പദ്ധതികൾ പുരോഗമിച്ചു വരുന്നുണ്ട്. കിഫ്ബി പദ്ധതിയിൽ അനുവദിയ്ക്കപ്പെട്ട തുകയും, മറ്റു പദ്ധതി-പദ്ധതിയേതര ശീർഷകങ്ങളിൽ ലഭ്യമായ തുകയും ഉപയോഗിച്ച് വിവിധ പ്രദേശങ്ങളിൽ സൗരോർജ്ജ വേലി സ്ഥാപിച്ചിട്ടുണ്ട്. മറ്റു ചില സ്ഥലങ്ങളിൽ പണികൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ